## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 950 — 30/06/2011-ൽ മറുപടിക്ക്

### തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനും വരവൂർ ഐ.റ്റി.സി.ക്കും കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ: | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വികസനരംഗത്ത് മുൻസർക്കാർ തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) പട്ടികജാതി വികസന രംഗത്ത് തുടങ്ങിവച്ച മുൻപദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണ്. |
| (ബി) ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) ചേലക്കര നിയോജകമണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണത്തിനായി 2010-11 സാമ്പത്തിക വർഷം 11.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് കൂടാതെ നടപ്പുവർഷം പ്രസ്തുത നിർമ്മാണത്തിനായി നാല്പത് ലക്ഷം രൂപ '4225-01-277-93-മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം (പ്ലാൻ)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

| | |
|---|---|
| (സി) ഇതേ മണ്ഡലത്തിലെ വരവൂരിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി.ക്കു വേണ്ടിയുള്ള കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) തൃശൂർ ജില്ലയിലെ വരവൂരിൽ ആരംഭിച്ച ഐ.റ്റി.സി-യിൽ എൻ.സി.വി.റ്റി. അംഗീകാരത്തോടെ മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രൈവർ-കം-മെക്കാനിക് എന്നീ ട്രേഡുകൾക്കുള്ള ക്ലാസ്സുകൾ കഴിഞ്ഞ അദ്ധ്യയന വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.സി.ക്കുവേണ്ടി ഫർണിച്ചർ, ടൂൾ & എക്യുപ്മെന്റ്സ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ നടത്തുകയും കോമ്പൗണ്ടിനുള്ള ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പ്രസ്തുത രണ്ട് ട്രേഡുകൾക്ക് ആവശ്യമായ അക്കാദമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണജോലികൾ കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. അവരിൽ നിന്നും ലഭിച്ച കെട്ടിട നിർമ്മാണത്തിനുള്ള 315 ലക്ഷം രൂപ ചെലവ് വരുന്ന പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഈ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ